

വയസ്സ്

ജനന തീയതി

പേര്

വിലാസം

രക്ഷകർത്താവിന്റെ ഒപ്പ്:

*കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ*

# ബൈബിൾ ടൈം

LEVEL - 2

8 മുതൽ 10 വയസ്സുവരെ

യൂണിറ്റ്-2
ലൂക്കോസ് സുവിശേഷം

## പാഠം 1: യേശു സുഖപ്പെടുത്തുന്നു.

വായന ഭാഗം
ലൂക്കോസ് 5:17-26

താക്കോൽ വാക്യം
ലൂക്കോസ് 5:20

തളർവാത രോഗിയായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവന്റെ സ്നേഹിതന്മാർ അവനെ യേശുവിന്റെ അടുക്കൽ കൊണ്ടു പോകുവാൻ തീരുമാനിച്ചു. യേശുവിന് അവനെ സഹായിക്കുവാൻ കഴിയും എന്ന് അവർക്ക് അറിയാമായിരുന്നു. സ്നേഹിതന്മാർ അവനെ കട്ടിലോടെ ചുമന്ന് യേശു ഇരിക്കുന്ന സ്ഥലത്ത് എത്തിച്ചു.

**ചോദ്യം:** വിട്ടുപോയ അക്ഷരങ്ങൾ എഴുതി വാചകം പൂർത്തിയാക്കുക.

തളർവാത രോഗിയായ മനുഷ്യന്റെ സ്നേഹിതന്മാർ അവനെ

ചു ...................... ........................... വിന്റെ അടുക്കൽ കൊണ്ടുവന്നു.

/4

ആ വീട്ടിൽ വലിയ ജനക്കൂട്ടമായിരുന്നു. അതുകൊണ്ട് യേശുവിന്റെ അടുക്കൽ എത്തിക്കുവാൻ അവർക്ക് സാധിച്ചില്ല. യേശു ഇരുന്ന വീടിനു മുകളിലേക്ക് അവർ സ്നേഹിതനെ ചുമന്ന് കയറ്റി. വീടിന്റെ മേൽക്കൂര പൊളിച്ച് വലിയ ഒരു ദ്വാരമുണ്ടാക്കി അതിലൂടെ പക്ഷവാത രോഗിയായ തങ്ങളുടെ സ്നേഹിതനെ യേശുവിന്റെ മുന്നിലേക്ക് ഇറക്കി വച്ചു.



*മേൽക്കൂര പൊളിച്ച് കിടക്കയോടെ ഇറക്കുന്ന രോഗിയായ മനുഷ്യന്റെ ചിത്രം വരച്ച് നിറം കൊടുക്കുക.*

/4

GOSPEL FOR CHILDREN

**ചോദ്യം:** താഴെയുള്ള വാചകങ്ങൾ ശരിയോ തെറ്റോ എന്ന് എഴുതുക.

യേശു ഉണ്ടായിരുന്ന വീടിനു ധാരാളം മുറികൾ ഉണ്ടായിരുന്നു. [ ]

ആ മനുഷ്യർ വീടിന്റെ താഴെ തട്ടിലേക്ക് ചെന്നു. [ ]

ആ മനുഷ്യർ അവരുടെ സ്നേഹിതനെ മേൽക്കൂരയിലൂടെ താഴെ ഇറക്കി. [ ]

[ ] /6

തന്റെ മുമ്പിൽ കിടക്കുന്ന മനുഷ്യനെ കണ്ടപ്പോൾ, യേശുവിന് അവനെ സഹായിക്കുവാൻ കഴിയും എന്ന് അവൻ വിശ്വസിക്കുന്നു എന്ന് മനസ്സിലാക്കി, യേശു ആ മനുഷ്യനോട് സംസാരിച്ചു.

**ചോദ്യം:** യേശു ആ മനുഷ്യനോട് സംസാരിച്ച വാക്കുകൾക്ക് നിറം കൊടുക്കുക.

# ഞാൻ നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു

[ ] /3

യേശു പറഞ്ഞു "എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോക" ഉടനെ അവൻ കിടക്ക എടുത്തു വീട്ടിലേക്ക് പോയി.



**ചോദ്യം:** യേശു ആ മനുഷ്യനോട് എന്ത് ചെയ്യുവാനാണ് പറഞ്ഞത്?

"എ .................................. ..................................... ക്ക എടുത്തു

വീ .........................................പോക"

[ ] /3

യേശുവിന് ആ മനുഷ്യന്റെ പാപങ്ങൾ മോചിക്കുവാനും അവനെ നടക്കുമാറാക്കുവാനും സാധിക്കുമായിരുന്നു. യേശു ചെയ്ത ഈ അത്ഭുതം കണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടു.

**ആകെ** [ ]

## പാഠം 2: മരണത്തിൽ നിന്നും ജീവനിലേക്ക്.


വായന ഭാഗം
ലൂക്കോസ് 7:11-17


താക്കോൽ വാക്യം
ലൂക്കോസ് 7:15

ഒരു ദിവസം യേശു നയിൻ എന്ന പട്ടണത്തിലേക്ക് പോയി. യേശുവിന്റെ ശിഷ്യൻമാരും വലിയ ഒരു കൂട്ടം ജനവും യേശുവിനോടൊപ്പം ഉണ്ടായിരുന്നു.

**ചോദ്യം:** യേശു പോയ പട്ടണത്തിന്റെ പേര് എന്തായിരുന്നു?

ന .......... ...........

പട്ടണത്തിന്റെ വാതിൽക്കൽ യേശു ഒരു സ്ത്രീയെ വലിയ ഒരു ജനക്കൂട്ടത്തോടൊപ്പം കണ്ടു. അവർ മരിച്ച ഒരു മനുഷ്യനെ സംസ്കരിക്കുവാൻ കൊണ്ടുവരികയായിരുന്നു. സ്ത്രീ ഒരു വിധവയും മരിച്ചത് അവളുടെ ഏക മകനും ആയിരുന്നു.

**ചോദ്യം:**

**വലത്തോട്ട്**

1. വിധവയുടെ മകന് സംഭവിച്ചതെന്ത്?

   മകൻ മ...................................

3. സ്ത്രീ ഒരു വി..........................

**താഴോട്ട് :**

1. എത്ര മക്കൾ വിധവയ്ക്കുണ്ടായിരുന്നു?
2. എവിടെയാണ് സ്ത്രീ യേശുവിനെ കണ്ടുമുട്ടിയത്?

   പ.................................................




/8

തന്റെ മകൻ മരിച്ചതിനാൽ സ്ത്രീ വളരെ ദുഃഖിതയാണെന്ന് യേശു മനസ്സിലാക്കി. യേശു അവളോട് “കരയേണ്ട” എന്ന് പറഞ്ഞു.



*ചിത്രത്തിന് നിറം കൊടുക്കുക.*

യേശു ശവമഞ്ചത്തിനടുത്ത് ചെന്ന് കൈ അതിന്മേൽ വച്ചു, "ബാല്യക്കാരാ എഴുന്നേൽക്ക" എന്ന് യേശു പറഞ്ഞപ്പോൾ മരിച്ച മനുഷ്യൻ എഴുന്നേറ്റ് ഇരുന്ന് സംസാരിക്കുവാൻ തുടങ്ങി. യേശു അവനെ അമ്മക്ക് ഏൽപ്പിച്ചുകൊടുത്തു.

**ചോദ്യം:** താഴെയുള്ള വാചകങ്ങൾക്ക് സംഭവക്രമത്തിൽ 1 – 4 വരെ എണ്ണം ഇടുക.

യേശു ആ മനുഷ്യനോട് സംസാരിച്ചു ☐

ആ മനുഷ്യൻ എഴുന്നേറ്റ് ഇരുന്ന് സംസാരിക്കുവാൻ തുടങ്ങി. ☐

യേശു ശവമഞ്ചത്തിൽ കൈവച്ചു. ☐

യേശു ആ മനുഷ്യനെ അമ്മയ്ക്ക് ഏൽപ്പിച്ചു കൊടുത്തു. ☐

☐ /6

ഈ കാഴ്ച കണ്ടവരെല്ലാം ഭയപ്പെട്ടു. സംഭവിച്ചതിൽ ദൈവത്തെ സ്തുതിച്ചു. യേശു ചെയ്ത ഈ അത്ഭുതത്തെക്കുറിച്ച് അനേകർ കേട്ടു.

**ചോദ്യം:** അക്ഷരങ്ങൾ ശരിയായ ക്രമത്തിലാക്കി വാചകങ്ങൾ പൂർത്തിയാക്കുക.

യേശു ഒരു തംത്ഭുഅ ................................. ചെയ്തു.

എല്ലാവരും ട്ടുപ്പെശ്ചആര്യ.............................................

☐ /4

**ആകെ** ☐



വായന ഭാഗം
ലൂക്കോസ് 8:22-25



താക്കോൽ വാക്യം
ലൂക്കോസ് 8:25

## പാഠം 3: ഭയപ്പെടരുത്.

**ചോദ്യം:** യേശുവിന്റെ ശിഷ്യൻമാർക്ക് തോന്നിയത് എന്തെന്ന് താഴെ കൊടുത്തിരിക്കുന്ന വാക്കുകളിൽ നിന്ന് തിരഞ്ഞെടുത്ത് കളങ്ങളിൽ എഴുതി കണ്ടെത്തുക.

1. ഒന്നാമത്തെ അക്ഷരം ഭരണിയിലുണ്ട്, അരണയിലില്ല.
2. രണ്ടാമത്തെ അക്ഷരം വയലിലുണ്ട്, വാലിലില്ല.
3. മൂന്നാമത്തെ അക്ഷരം കപ്പലിലുണ്ട്, കടലിലില്ല.
4. നാലാമത്തെ അക്ഷരം ചട്ടുകത്തിലുണ്ട്, ചാക്കിലില്ല.

| 1 | 2 | 3 | 4 |
|---|---|---|---|
|  |  | ൈ |  |

/3



***ചിത്രത്തിന് നിറം കൊടുക്കുക.***

നിങ്ങൾക്കെപ്പോഴെങ്കിലും ഭയം തോന്നിയിട്ടുണ്ടോ? എന്താണ് നിങ്ങളെ ഭയപ്പെടുത്തിയത്. യേശുവിന്റെ ശിഷ്യന്മാർക്ക് ഭയപ്പെടുക എന്നാൽ എന്താണെന്ന് അറിയുവാൻ കഴിഞ്ഞു.

ഇങ്ങനെയാണ് അത് സംഭവിച്ചത്. ഒരു ദിവസം യേശു ശിഷ്യന്മാരുമായി വഞ്ചിയിൽ യാത്ര ചെയ്യുകയായിരുന്നു. ശിഷ്യന്മാരോട് തടാകത്തിന്റെ മറുകരയിലേക്ക് വഞ്ചി തുഴയുവാനാവശ്യപ്പെട്ടു.

തടാകത്തിന് കുറുകെ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ യേശു ഉറക്കത്തിലായി. ആ സമയത്ത് ഒരു വലിയ കൊടുങ്കാറ്റുണ്ടായി. കാറ്റിന്റെ ശക്തികൊണ്ട് തിരകൾ ഉയർന്നു. അതിനാൽ വഞ്ചിയിൽ വെള്ളം നിറയാൻ തുടങ്ങി.

**ചോദ്യം:** യേശു വഞ്ചിയിലുണ്ടായിരുന്നപ്പോൾ എന്താണ് ചെയ്തത്?

യേശു ഉ................................................

**ചോദ്യം:** ശിഷ്യന്മാർ തടാകത്തിന് കുറുകെ കടക്കും നേരം എന്താണ് സംഭവിച്ചത്?

ഒരു വലിയ കൊ..........................................

ശിഷ്യന്മാർ ഭയപ്പെട്ടു. അവർ യേശുവിനെ ഉണർത്തി. നാം നശിക്കുവാൻ പോകുന്നു എന്നു പറഞ്ഞു. യേശു എഴുന്നേറ്റ് കാറ്റിനോടും കടലിനോടും 'ശാന്തമാക' എന്ന് പറഞ്ഞു. ഉടനെ അവ ശാന്തമായി.

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾക്ക് നേരെ അവ ശരിയോ തെറ്റോ എന്ന് എഴുതുക.

ശിഷ്യന്മാർ യേശുവിനെ കൊടുങ്കാറ്റിലും ഉറങ്ങുവാൻ അനുവദിച്ചു ☐

യേശു കാറ്റിനോടും തിരയോടും സംസാരിച്ചു. ☐

കാറ്റും തിരകളും യേശുവിനെ അനുസരിച്ചു ☐

☐ /6

ശിഷ്യന്മാർ ഈ കണ്ട കാഴ്ചയിൽ ആശ്ചര്യപ്പെട്ടു. യേശു അവരോട് പറഞ്ഞു. നിങ്ങളുടെ വിശ്വാസം എവിടെ? യേശു അവരോട് പറഞ്ഞതിന്റെ അർത്ഥം അവർ ഭയപ്പെടാതെ, യേശുവിന് അവരെ സഹായിക്കുവാൻ കഴിയും എന്ന് വിശ്വസിക്കണം എന്നാണ്.

**ചോദ്യം:** യേശു ശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ കളത്തിൽ നിന്നും കണ്ടെത്തി എടുത്തെഴുതുക.

| | | | |
|---|---|---|---|
| നി | ങ്ങ | ളു | ടെ |
| വി | തേ | മ | റി |
| ശ്വാ | ല | ച | ബ |
| സം | സ | ക | മ |
| ട | എ | വി | ടെ |

______________ ______________

______________

☐ /4

യേശു ദൈവപുത്രനായതുകൊണ്ട് എല്ലാം ചെയ്യുവാൻ ശക്തിയുള്ളവനാണ്. കാറ്റിനെയും തിരകളേയും നിയന്ത്രിക്കുവാൻ കഴിയും. നാം യേശുവിൽ വിശ്വസിക്കുന്നു എങ്കിൽ അവന് നമ്മെ സഹായിക്കുവാൻ സാധിക്കും. ശിഷ്യന്മാർ ഭയപ്പെട്ടതുപ്പോലെ ഭയപ്പെടേണ്ട ആവശ്യം നമുക്കില്ല.

**ചോദ്യം:** ആരാണ് യേശു?

☐ /3

....................വ പു......................

**ആകെ** ☐

# പാഠം 4: അയ്യായിരം പേർക്ക് ഭക്ഷണം.



വായന ഭാഗം
ലൂക്കോസ് 9:10-17



താക്കോൽ വാക്യം
ലൂക്കോസ് 9:17

യേശു ബെത്ത്സെയിദ എന്ന പട്ടണത്തിനരികിലായിരുന്നു. ഒരു വലിയ ജനക്കൂട്ടം യേശുവിനെ അനുഗമിച്ചു. യേശു അവരോട് സ്വർഗ്ഗരാജ്യത്തെക്കുറിച്ച് സംസാരിക്കുകയും അവരിൽ രോഗികളായവരെ സൗഖ്യമാക്കുകയും ചെയ്തു.

**ചോദ്യം:** യേശു എന്തിനെക്കുറിച്ചായിരുന്നു ജനത്തോട് സംസാരിച്ചത്?

/2

ൈ........................വ ര................................ത്തെക്കുറിച്ച്.

സന്ധ്യാസമയത്ത്, യേശുവിന്റെ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽവന്ന് ജനത്തിന് വിശക്കുന്നു എന്ന് പറഞ്ഞു. ഭക്ഷണം കണ്ടെത്തുവാനായി യേശു ജനത്തെ അയക്കും എന്നാണ് ശിഷ്യന്മാർ വിചാരിച്ചത്. എന്നാൽ യേശു ശിഷ്യന്മാരോട്തന്നെ ജനത്തിന് ഭക്ഷണം കണ്ടെത്തുവാൻ കല്പ്പിച്ചു.

ശിഷ്യന്മാർക്ക് ഭക്ഷണമായിട്ട് അഞ്ചപ്പവും രണ്ട് മീനും മാത്രമേ കണ്ടെത്താനായുള്ളു. അത് അവിടെയുണ്ടായിരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പുറമേ അയ്യായിരം പുരുഷന്മാർക്കും മതിയാകയില്ല എന്നിരുന്നാലും അവർ അത് യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു.

/4

യേശു ശിഷ്യന്മാരോട് ജനത്തെ നിലത്തിരുത്തുവാൻ പറഞ്ഞു. അവർക്ക് ലഭിച്ച ഭക്ഷണത്തിന് ദൈവത്തിന് നന്ദി പറഞ്ഞു. യേശു ശിഷ്യന്മാർക്ക് നൽകി. ശിഷ്യർ ജനത്തിന് വിളമ്പി കൊടുത്തു.

***അവർക്കുണ്ടായിരുന്ന ഭക്ഷണത്തിന്റെ ചിത്രം വരച്ച് നിറം കൊടുക്കുക.***

**ചോദ്യം:** ഭക്ഷിക്കുന്നതിന് മുമ്പ് ജനം എന്ത് ചെയ്തു?

..............................ത്ത് ഇ..................................................

**ചോദ്യം:** അവർ ഭക്ഷിക്കുന്നതിന് മുമ്പ് യേശു എന്ത് ചെയ്തു?

/8

ദൈവത്തിന് .................................. പറഞ്ഞു.

LEVEL - 2

8 മുതൽ 10 വയസ്സുവരെ

എല്ലാവർക്കും ആവശ്യത്തിനുള്ള ഭക്ഷണം ഉണ്ടായിരുന്നു. അഞ്ച് അപ്പവും രണ്ട് മീനും കൊണ്ട് എല്ലാവർക്കും ഭക്ഷണം കൊടുക്കുവാൻ യേശു മതിയായവനായിരുന്നു. എല്ലാവരും ഭക്ഷിച്ചതിന് ശേഷം പന്ത്രണ്ട് കൊട്ട നിറച്ചെടുത്തു.



*ചിത്രത്തിന് നിറം കൊടുക്കുക.*

**ചോദ്യം:** ചേരുംപടി ചേർക്കുക

| | |
|---|---|
| എത്ര അപ്പമുണ്ടായിരുന്നു. | 5,000 |
| എത്ര മീനുണ്ടായിരുന്നു. | 12 |
| എത്രപേർ ഭക്ഷിച്ചു. | 2 |
| എത്ര കൊട്ട ഭക്ഷണം ശേഷിച്ചു. | 5 |

☐ /4

ഈ സംഭവത്തിലൂടെ യേശു മനുഷ്യരെ കരുതുന്നു, എല്ലാവരേയും സഹായിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് മനസ്സിലാക്കണം. യേശു അവരെ കരുതുന്നതുകൊണ്ട് അവരെ സഹായിച്ചു. യേശു ഇപ്പോഴും നമ്മെ കരുതുന്നുണ്ട് നമുക്ക് ആവശ്യമുള്ളതെന്തെന്ന് അറിയുന്നുണ്ട്. നമ്മെയും സഹായിക്കുവാൻ യേശു ആഗ്രഹിക്കുന്നു. നാം അനുവദിക്കുന്നു എങ്കിൽ മാത്രം.

**ചോദ്യം:** യേശു നമ്മെ കരുതുന്നു എന്നുള്ളത് വലിയ കാര്യമല്ലേ! താഴെയുള്ള വാചകത്തിൽ നിങ്ങളുടെ പേര് എഴുതി പൂർത്തിയാക്കുക.

യേശു ........................................................................ നെ കരുതുന്നു.

☐ /2

**ആകെ** ☐

*അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:*

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

പാഠം 3:.........

പാഠം 4:.........

ആകെ..........

പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA

*For Private Circulation Only*